(ബി) ഇത് സംബന്ധിച്ച് കൃഷിവകുപ്പിലെ വിജിലൻസ് വിഭാഗമോ, മറ്റേതെങ്കിലും വിഭാഗമോ അന്വേഷണം നടത്തിയിരുന്നുവോ;

(സി) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) എന്തെല്ലാം നടപടികൾ പണം ഈടാക്കുന്നതിനുവേണ്ടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറികൾച്ചറിസ്റ്റ് എന്ന സംഘടന 1995-1997 കാലയളവിൽ ഫ്ളോറികൾച്ചർ ഡവലപ്മെന്റ് എന്ന പദ്ധതിയിൻകീഴിൽ കർഷകർക്ക് പരിശീലനം, പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വ്യാവസായികാടിസ്ഥാനത്തിൽ പുകൃഷി ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി 25 ലക്ഷം രൂപയും മാർക്കറ്റ് സർവ്വേക്കുവേണ്ടി 20 ലക്ഷം രൂപയും സർക്കാരിൽ നിന്നും വാങ്ങിയിരുന്നു.

(ബി) ഇതുസംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ 24-11-2003-നു ഫെഡറേഷൻ ഓഫീസ് പരിശോധന നടത്തുകയും മാർക്കറ്റ് സർവ്വേയ്ക്കുവേണ്ടി അനുവദിച്ച 20 ലക്ഷം രൂപയിൽ 2002-2003 കാലയളവ് വരെ 2,69,016 രൂപമാത്രം ചെലവഴിച്ചിട്ടുള്ളതായി കാണുകയുണ്ടായി. കൂടാതെ തിരുവനന്തപുരം വിജിലൻസ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതിയിൽ 998/03 നമ്പർ ആയുള്ള കേസിൽ ഇതുസംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സർക്കാർ ഉത്തരവ് (ആർ. റ്റി.) 325/97/എ. ഡി. തീയതി 3-3-1997 സർക്കാർ ഉത്തരവ് (ആർ. റ്റി.) 482/97/എ.ഡി. തീയതി 22-3-1997 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നൽകിയ 20 ലക്ഷം രൂപ ചെലവഴിച്ചതിന്റെ കണക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കാൻ കൃഷി ഡയറക്ടറേറ്റിൽനിന്നും ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ പ്രസ്തുത സംഘടനയുടെ സെക്രട്ടറിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കീടനാശിനികളും പാർശ്വഫലങ്ങളും

62 [3409] ശ്രീ. എം. കുമാരൻ :

,, മാങ്കോട് രാധാകൃഷ്ണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര കോടി രൂപയുടെ കീടനാശിനി ഉപയോഗിക്കുന്നുണ്ട്;

(ബി) ഇതിൽ പാർശ്വഫലങ്ങളുണ്ടാക്കുന്ന കീടനാശിനികളുണ്ടോ; ഉണ്ടെങ്കിൽ അവ തളിക്കുന്നതിന് എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കീടനാശിനികളുടെ പാർശ്വഫലങ്ങളിൽപ്പെട്ട് രോഗബാധിതരായി ദുരിതമനുഭവിക്കുന്നവർ സംസ്ഥാനത്തുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർ; അവരെ സംരക്ഷിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ശരാശരി 10 കോടി രൂപയുടെ കീടനാശിനി ഉപയോഗിക്കുന്നുണ്ട്.

(ബി) കഠിനമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള കീടനാശിനികൾ നിരോധിച്ചിട്ടുണ്ട്

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ നടപടി

63 [3410] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമാതീതമായ കീടനാശിനി പ്രയോഗം കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സർക്കാർ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ജൈവകൃഷിരീതി പ്രോൽസാഹിപ്പിക്കാൻ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) ജൈവകൃഷിരീതി പ്രകാരമുള്ള ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) കൃഷി രീതി സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകാൻ ഈ മേഖലയിലെ സംഘടനകളുമായി ചർച്ചചെയ്ത് പരിപാടിക്ക് രൂപം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം കൃഷിവകുപ്പ് കർഷകർക്ക് സബ്സിഡി നൽകിക്കൊണ്ട് പച്ചക്കറി, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിക്കായി ഒരുകോടി രൂപ ചെലവാക്കി 'ജൈവകൃഷി പ്രോൽസാഹിപ്പിക്കാൻ' എന്ന പദ്ധതി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly